ശ്രീ. യു. നീലകണ്ഠൻ : യു. പി. എസ്. സി. പരീക്ഷകൾക്ക് എഴുതുവാൻ അവർക്ക് തുല്യ അവകാശമുണ്ടെന്നു് അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല. എ. എം. ഐ. ഇ–യ്ക്ക് പോസ്റ്റൽ റഗുലേഷൻമൂലം പഠിച്ചു് പരീക്ഷയ്ക്കു ഇരിക്കുന്നതാണു്.

ശ്രീ. യു. നീലകണ്ഠൻ : എ. എം. ഐ. ഇ. പരീക്ഷയുടെ എ–യും ബി–യും പാസായിട്ടുള്ള എത്ര പേരെ ഈ ഗവണ്മെൻറിൽ നിയമിച്ചിട്ടുണ്ടു് ?

ശ്രീ. കെ. ഐ. വേലായുധൻ : ആരെയും നിയമിച്ചിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : ഈ പരീക്ഷ പാസായിട്ടുള്ള സെക്ഷനാഫീസർമാർ ഇല്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : ആ പരീക്ഷമാത്രം പാസായിട്ടുള്ള സെക്ഷനാഫീസർമാർ ഇല്ല.

ശ്രീ. എം. വി. ചെറിയാൻ : സെക്ഷനാഫീസർമാരുടെ പരീക്ഷായോഗ്യത എന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ : എ. എം. ഐ. ഇ. പ്ലസ് അപ്പർ സബാർഡിനേറ്റ് ഇൻജിനിയറിംഗ് ഡിപ്ലോമാ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : എ. എം. ഐ. ഇ. എന്നു വച്ചാൽ എന്താണു് ?

ശ്രീ. കെ. ഐ. വേലായുധൻ : അസോസ്യേറ്റ് മെംബർ ആഫ് ദി ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ഇൻജിനിയേഴ്സ് എന്നാണു്.

സക്കാർസ്കൂൾ അദ്ധ്യാപക ഫെഡറേഷന്റെ അവകാശം.

* 561. [13] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സക്കാർസ്കൂൾ അദ്ധ്യാപക ഫെഡറേഷൻ ഉന്നയിച്ചിട്ടുള്ള അവകാശവാദങ്ങൾ എന്തെല്ലാം; ഏതെല്ലാം അവകാശങ്ങൾ സക്കാർ അംഗീകരിച്ചിട്ടുണ്ടു് ;

(ബി) ഫെഡറേഷന്റെ നേതൃത്വത്തിൽ നടന്ന അവകാശപ്രഖ്യാപനദിനാചരണത്തിൽ എത്ര ശതമാനം അദ്ധ്യാപകന്മാർ പങ്കെടുത്തിരുന്നു ;

(സി) അവകാശങ്ങൾ അനുവദിച്ചുകൊടുക്കാൻ സക്കാർ വൈമനസ്യം പ്രകടമാക്കാനുള്ള കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 24–2–55–ൽ തിരുവിതാംകൂർ – കൊച്ചി ഗവണ്മെൻറ് സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ സമർപ്പിച്ച * മെമ്മോറാണ്ടത്തിന്റെ ഒരു പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. അവയിൽ താഴെ പറയുന്ന കാര്യങ്ങളിൽ തീരുമാനമെടുത്തുകഴിഞ്ഞിട്ടുണ്ടു്. സറണ്ടർ സ്കൂൾ അദ്ധ്യാ

* Please see Appendix No. II.

LIBRARY ARCHIVES Kerala Legislative Assembly

പകന്മാരുടെ സ്ഥിരപ്പെടുത്തൽ, അവധിക്കായ്യും സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു. ടി അദ്ധ്യാപകരുടെ സന്താനങ്ങൾക്കും ഫീസ്സൗജന്യം അനുവദിച്ചിട്ടുണ്ട്. മിഡിൽസ്കൂൾ സർവീസിൽ ഇരിക്കുന്നവരിൽനിന്നു മാത്രമാണ് ഇപ്പോൾ ഹൈസ്കൂളുകളിലേയ്ക്ക് പണ്ഡിറർകളെ പ്രമോട്ട ചെയ്യുന്നത്. സ്ഥലമാറ്റക്കാര്യത്തിൽ സർവീസിൽ ഇരിക്കുന്നവർക്ക് പുതിയ റിക്രൂട്ടുകളെക്കാൾ മുൻഗണന നൽകുന്നുണ്ട്.

(ബി) കണക്കെടുത്തിട്ടില്ല.

(സി) വൈമനസ്യമല്ല കാരണം. ഗവണ്മെൻറ പല കാര്യങ്ങളും പര്യാലോചിച്ച് തീരുമാനം ചെയ്യേണ്ടതാണ്. ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. യു. നീലകണ്ഠൻ : ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ഇനിയും ചെയ്യാതിരിക്കുന്നത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർ ആവശ്യപ്പെട്ട സംഗതികളും ഗവണ്മെൻറ ചെയ്ത സംഗതിയും പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ളത് ചെയ്യാത്തതാണ്.

ശ്രീ. ടി. എ. മജീദ് : സ്കൂൾ സറണ്ടർ ചെയ്തിട്ട് എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസു വേണം.

ശ്രീ. ടി. എ. മജീദ് : ഇതുവരെ അവരെ സ്ഥിരപ്പെടുത്താത്തത് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവരെ സ്ഥിരപ്പെടുത്തിക്കഴിഞ്ഞു.

മന്ത്രിമാരും സാമുദായികസംഘടനകളും.

* 562. [14] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിമാരിൽ ആരെങ്കിലും, സാമുദായികമോ, സാമൂഹ്യമോ ആയ സംഘടനകളിൽ ഔദ്യോഗികസ്ഥാനം വഹിക്കുന്നുണ്ടോ ;

(ബി) ആ വകയിൽ എന്തെങ്കിലും തുക കേന്ദ്രഗവണ്മെൻറിൽ നിന്നോ, ഇൻഡ്യൻ കേന്ദ്രസംഘടനയിൽ നിന്നോ പ്രവർത്തനത്തിന്റെ പേരിൽ ലഭിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആരു്, ഏതു സംഘടന, തുക എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇപ്പോഴത്തെ മന്ത്രിമാരിൽ ഒരാൾ അതായതു് ലോക്കൽ സെൽഫ് ഗവണ്മെൻറിന്റെ മന്ത്രി; ആൾ ഇൻഡ്യാ ഡിപ്രസ്ഡ് ക്ലാസ് ലീഗ് കൗൺസിലിലെ ഒരംഗമാണ്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX No. II.

[Please see answer to part (a) of question No. *561 (13)]

തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ സ്കൂൾ ടീച്ചേഴ്സ് ഫെഡറേഷൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമക്ഷം സമർപ്പിക്കുന്ന നിവേദനം.

ഈ ഫെഡറേഷനിൽ തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ പ്രൈമറിസ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ, തിരുവിതാംകൂർ–കൊച്ചി ഡിപ്പാർട്ടുമെൻറൽ ഗ്രാഡ്വേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ, അഖില തിരുവിതാംകൂർ സർക്കാർ സ്കൂൾ അദ്ധ്യാപകമഹാസഭ എന്നീ അംഗീകൃത സംഘടനകൾ ഉൾപ്പെടുന്നു.

അംഗസംഘടനകൾ പ്രത്യേകമായും ഫെഡറേഷനായും സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾക്ക് ഇതുവരെ തീരുമാനങ്ങളുണ്ടായിട്ടില്ലാത്തതിനാൽ ഈ രാജ്യത്തുള്ള അദ്ധ്യാപകർ അങ്ങേയറ്റം നിരാശരും അസംതൃപ്തരുമാണെന്നുള്ള യാഥാർത്ഥ്യം ആദ്യമായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

താഴെ പറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവണ്മെൻറിൻെറ അടിയന്തിരശ്രദ്ധയിൽപ്പെടുത്തുന്നു.

ഭാഗം. I.

പ്രൈമറി—മിഡിൽ

ടൈംസ്കെയിൽ.

ഇപ്പോൾ ഗവണ്മെൻറ പ്രഖ്യാപിച്ചിട്ടുള്ള ടൈംസ്കെയിലിൽ പ്രൈമറി–മിഡിൽ അദ്ധ്യാപകരെ സംബന്ധിച്ചേടത്തോളം 35–60, 40–80 എന്നു് രണ്ടായി തിരിച്ചാണു് ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്. ഇതു് ഈ അദ്ധ്യാപകരെ സംബന്ധിച്ചേടത്തോളം ടൈംസ്കെയിലാകുന്നതേയില്ല. ഒരു ശമ്പളപരിഷ്കരണം എന്ന നിലയിൽ പരിഗണിച്ചാൽ തന്നെയും 30–45 ലഭിച്ചിരുന്ന ഒരു മുന്നാംഗ്രേഡ്ക്കാർക്കിന്നു് 40–120 ആക്കി ശമ്പളം വർദ്ധിപ്പിച്ചപ്പോൾ 30–50 ലഭിച്ചിരുന്ന ടെയിനിംഗ്കൂടി പാസ്സായിട്ടുള്ള അദ്ധ്യാപകനു് 35–60 എന്ന ശമ്പളം നിശ്ചയിച്ചു് അവരെ അവമാനിതരും ദുഃഖിതരുമാക്കിത്തീർത്തിരിക്കുകയാണു്.

പ്രൈമറി–മിഡിൽ അദ്ധ്യാപകർക്കു് 45–5–80–7–150 എന്നു് ടൈംസ്കെയിൽ അനുവദിച്ചു് മൻസവ്വീസിൻെറ പരിഗണനയോടുകൂടി ശമ്പളം നൽകേണ്ടതാണു്. ഇപ്പോൾ സവ്വീസിലിരിക്കുന്ന മിഡിൽസ്കൂൾ അദ്ധ്യാപകർക്കു് യാതൊരു കാരണവശാലും 80 രൂപയിൽ കുറയാതെ ശമ്പളം ലഭിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യേണ്ടതുമാണു്. ഇക്കാര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾകൂടി പരിഗണിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

I. പ്രൈവറ്റ് സ്കൂളുകളിൽനിന്നും വന്നിട്ടുള്ള അദ്ധ്യാപകരുടെ പ്രൈവറ്റ് സ്കൂൾ സവ്വീസിൻെറ പകുതിയെങ്കിലും വെയിറേജു് നൽകണം.

LIBRARY ARCHIVES Kerala Legislative Assembly

2. ഇൻക്രിമെൻറില്ലാതെ 25 രൂപ ബേസിക്ക് ശമ്പളത്തിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകരുടെ മുഴുവൻ സർവ്വീസും കണക്കാക്കി വെയിറേജ് നൽകണം.

3. പെൻഷൻ കണക്കാക്കുമ്പോൾ പ്രൈവറ്റ്സ്കൂൾ സർവ്വീസുകൂടി കണക്കാക്കണം.

4. മറ്റ് ഡിപ്പാർട്ടുമെൻറുകളിൽ ഉള്ള സർവ്വീസുകൂടി പരിഗണിക്കണം.

(ബി)

1. അദ്ധ്യാപകരുടെ പെൻഷൻ വയസ്സ് പല പ്രത്യേക കാരണങ്ങളാലും 60 ആക്കി വർദ്ധിപ്പിക്കേണ്ടതാണ്.

2. പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അലവൻസ് 10 രൂപയായും സ്റ്റേഷനറി അഞ്ചു രൂപയായും വർദ്ധിപ്പിക്കണം.

3. പ്രൈമറിസ്കൂൾ സർവ്വീസിലിരിക്കുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് അദ്ധ്യാപകരെ ഗ്രാഡ്വേറ്റിനു തുല്യമായി കരുതി പ്രമോഷൻ ഉടനെ നൽകേണ്ടതാണ്.

4. ഹൈസ്കൂളുകളിൽ പണ്ഡിറ്റുകൾ ആവശ്യമായി വരുമ്പോൾ സർവ്വീസിലിരിക്കുന്നവർക്ക് പ്രമോഷൻ നൽകുകയല്ലാതെ പുറമേനിന്നും നിയമനം നടത്തുവാൻ പാടില്ലാത്തതാകുന്നു.

5. പുതിയ നിയമനം നടത്തേണ്ടിവരുമ്പോൾ അപ്പോഴുള്ള ഒഴിവുകളിൽ സർവ്വീസിലിരിക്കുന്നവർക്ക് സൗകര്യപ്രദമായ സ്ഥലംമാറ്റം നൽകിയശേഷം മാത്രമേ പുതിയ റിക്രൂട്ടുകൾക്ക് നിയമനം നൽകുവാൻ പാടുള്ളൂ.

6. സ്ഥലംമാറ്റം നീതിപൂർവ്വകം നടക്കുന്നതിനു ഗവൺമെൻറ് തക്കതായ വ്യവസ്ഥകൾ ചെയ്യേണ്ടതാണ്.

7. 55 വയസ്സിനുശേഷം സർവ്വീസ് ടീർഫിപ്പിച്ചിട്ടുള്ള സംണ്ടർസ്കൂൾ അദ്ധ്യാപകർക്കും മറ്റും ടീർഫിപ്പിച്ച കാലത്തേക്ക് ഇൻക്രിമെൻറ്, അവധി, സന്താനങ്ങൾക്ക് ഫീസ് സൗജന്യം തുടങ്ങിയ ആനുകൂല്യങ്ങളും നൽകേണ്ടതാണ്.

8. 40 വയസ്സിനുശേഷം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള സംണ്ടർസ്കൂൾ അദ്ധ്യാപകർക്ക് 60 വയസ്സുവരെ സർവ്വീസ് ടീർഫിപ്പിച്ചിട്ടുള്ളതുപോലെ അതേ പരിഗണന അർഹിക്കുന്ന മറ്റെല്ലാത്തരം അദ്ധ്യാപകർക്കും ഈ ആനുകൂല്യം അനുവദിക്കേണ്ടതാണ്.

9. സംണ്ടർ സ്കൂൾ അദ്ധ്യാപകരെ സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവു പുറപ്പെടുവിക്കുവാൻ വരുത്തുന്ന കാലതാമസത്തിൽ ഖേദിക്കുകയും ഉടനെ ഉത്തരവു പുറപ്പെടുവിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു.

10. സംഗീതാദ്ധ്യാപകർക്ക് അക്കാഡമിയിൽ ചേർന്ന് ഉപരിപഠനം നടത്തുന്നതിനു നൽകിവന്നിരുന്ന സ്റ്റൈപ്പൻറ് നിറുത്തൽ ചെയ്തതു വീണ്ടും അനുവദിക്കേണ്ടതാണ്.

11. വിദ്യാഭ്യാസത്തിൻെറ അഭിവൃദ്ധിയെ ലാക്കാക്കി 3-ം 4-ം ക്ലാസുകളിലെ ഷിഫ്റ്റ് സിസ്റ്റം അടുത്ത വിദ്യാഭ്യാസവർഷം മുതൽ നിറുത്തൽ ചെയ്യണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം 2.

ഗ്രാഡുവേറ്റധ്യാപകന്മാർ.

1. ഗ്രാഡുവേറ്റധ്യാപകന്റെ ശമ്പളം 50 വഷ്ത്തിനു മുമ്പു് നിലവിലിരുന്ന 50 രൂപയിൽതന്നെയാണു പുതിയ പദ്ധതി അനുസരിച്ചും ഇടങ്ങുന്നതു്. ഒരു ഗ്രാഡുവേറ്റിനു മറ്റു് ഡിപ്പാർട്ടുമെൻറുകളിൽ നൽകിയ പ്രാരംഭ ശമ്പളവർദ്ധനവിന്റെ അനുപാതം ഗ്രാഡുവേറ്റധ്യാപകക്കും അനുവദിച്ചു പ്രാരംഭശമ്പളം 85 രൂപ നൽകണമെന്നപേക്ഷിക്കുന്നു.

2. 1955 മാർച്ചു് 31-നു് നിലവിലിരിക്കുന്ന ഗ്രാഡുവേറ്റധ്യാപകരെ 1952 ജൂലൈ 10-ാംതീയതിയുള്ള ഗവണ്മെൻറുത്തരവു് എഡ്യൂക്കേഷൻ 6-130-12/50 ഇ. എച്ചു്. എൽ-ൽ പറഞ്ഞിരിക്കുന്ന പ്രകാരം 1: 2: 7 എന്ന ക്രമത്തിൽ വീതിച്ചുചേർത്തിരുന്ന സകല ഒഴിവുകളിലും നിയമനം നടത്തിയതിനുശേഷം മാത്രമേ 8-2-55-ലെ ഗസറ്റു് നോട്ടിഫിക്കേഷൻ മൂലം ഭേദഗതി ചെയ്തിരിക്കുന്ന 55 ജനുവരി 3-ാം തീയതിയുള്ള ടൈംസ്കെയിൽ ഉത്തരവു് നടപ്പിൽ വരുത്തുവാൻ പാടുള്ളൂ എന്നു അതിൽ പറഞ്ഞിരിക്കുന്ന പുതിയ അനുപാതക്രമം (2:7) 1:2 എന്നു ഭേദഗതി ചെയ്യണമെന്നും അപേക്ഷിക്കുന്നു.

3. പുതിയ പദ്ധതി അനുസരിച്ചു ഗ്രാഡുവേറ്റധ്യാപകന്റെ ശമ്പളം ക്രിപ്പടുത്തുമ്പോൾ വെയിറേജിനെ സംബന്ധിച്ചു താഴെ പറയുന്ന വസ്തുതകൾകൂടി പരിഗണിക്കണമെന്നപേക്ഷിക്കുന്നു.

(1) പ്രൈവറ്റു് സ്കൂളിൽനിന്നും ഗവണ്മെൻറിൽ വന്നിട്ടുള്ള അദ്ധ്യാപകന്റെ പ്രൈവറ്റു് സ്കൂൾ സർവ്വീസിന്റെ പകുതിയെങ്കിലും വെയിറേജു് നൽകേണ്ടതാണു്.

(2) ഗ്രാഡുവേറ്റധ്യാപകനായി വരുന്നതിനു മുമ്പു് എഡ്യൂക്കേഷൻഡിപ്പാർട്ടുമെൻറിലോ മറേതെങ്കിലും ഡിപ്പാർട്ടുമെൻറിലോ ഉള്ള സർവ്വീസിന്റെ പകുതി വെയിറേജു് അനുവദിക്കേണ്ടതാണു്.

(3) ഇൻക്രിമെൻറില്ലാതെ 50 രൂപ ബേസിക് ശമ്പളത്തിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകരുടെ മുഴുവൻ സർവ്വീസും, അതായതു് ഒരു വർഷത്തിനു് ഒന്നു എന്ന ക്രമത്തിനു വെയിറേജു് നൽകേണ്ടതാണു്.

(4) പെൻഷൻ കണക്കാക്കുമ്പോൾ പ്രൈവറ്റു് സ്കൂൾ സർവ്വീസുകൂടി പരിഗണിക്കണം.

5. പബ്ലിക്പരീക്ഷകൾക്കുള്ള സൂപ്രവിഷനും ഉത്തരക്കടലാസ് നോക്കുന്നതിനുള്ള പ്രതിഫലം വളരെ തുച്ഛമാണു്. ഠഠി. ഠഠി. സി. പരീക്ഷയ്ക്കു് നൽകിക്കൊണ്ടിരിക്കുന്ന സൂപ്രവിഷൻ ഫീസ് 8 അണയായി കുറച്ചെയ്തതു് തീരെ ന്യായീകരിക്കത്തക്കതല്ല. 20 വയസ്സിനു മേൽ പ്രായമുള്ള വിദ്യാർത്ഥികളുടെ സെലക്ഷൻ പരീക്ഷ മറ്റു പബ്ലിക്കു് പരീക്ഷകളോടൊപ്പം പരിഗണിക്കണമെന്നപേക്ഷിക്കുന്നു.

6. പ്രൈമറി മിഡിൽസ്കൂൾ ഇൻസ്പെക്ടറന്മാർക്കു നൽകിവന്നിരുന്ന പി. ഠഠി. ഏ. നിറുത്തൽ ചെയ്തതു പിൻവലിക്കണമെന്നപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം 3.

1. ഒരു ക്ലാസ്സിലെ കുട്ടികളുടെ സംഖ്യ പരമാവധി 30 ആയി നിശ്ചയപ്പെടുത്തണം.

2. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് പുനഃസംഘടന പലവിധത്തിൽ ദോഷകരമായി ഭവിച്ചിരിക്കുന്നതിനാൽ ഒരു കമ്മീഷനെ നിയമിച്ചു പുനഃപരിശോധന ചെയ്ത് മൊത്തത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നപേക്ഷിക്കുന്നു.

3. വിദ്യാഭ്യാസോപദേശ സമിതിയിലും പാഠപുസ്തകക്കമ്മിറ്റിയിലും സിലബസ് കമ്മിറ്റിയിലും പ്രൈമറി—മിഡിൽ—ഹൈസ്കൂൾ അദ്ധ്യാപകർക്ക് പ്രാതിനിദ്ധ്യം ലഭിക്കത്തക്കവിധം സംഘടനാപ്രതിനിധികളെ ഉൾപ്പെടുത്തണം.

4. വിദ്യാഭ്യാസത്തെയും അദ്ധ്യാപകാദ്ധ്യേതാക്കളേയും സംബന്ധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഗവണ്മെൻറ് ആണ്ടിൽ കുറഞ്ഞതു മൂന്നു പ്രാവശ്യമെങ്കിലും അദ്ധ്യാപകസംഘടനാപ്രതിനിധികളെ ക്ഷണിച്ചു വിദ്യാഭ്യാസകോൺഫറൻസുകൾ നടത്തേണ്ടതാണ്"

എന്ന്,

ടീച്ചേഴ്സ് ഫെഡറേഷനുവേണ്ടി,

ജി. ചന്ദ്രശേഖരപിള്ള, ബി. എ. ബി. എൽ.

പ്രസിഡൻറ്

തിരുവനന്തപുരം,

24-2-1955.

LIBRARY ARCHIVES Kerala Legislative Assembly